# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2541</u> | <u>27.01.2014–ലെ മറുപടിക്ക്</u>

## <u>സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവർത്തന നിലവാരം</u>

| <u>ചോദ്യം</u><br>ശ്രീ. പി. കെ. ബഷീർ : | <u>ഉത്തരം</u><br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ പ്രവർത്തന നിലവാരം തൃപ്തികരമല്ലെന്നുള്ള ഏതെങ്കിലും ആധികാരിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;<br><br>(സി) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ പ്രവർത്തന നിലവാരം ഉയർത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ? | **(ബി) & (സി)**<br>ആവശ്യത്തിനുള്ള അടിസ്ഥാന സൗകര്യം, ആവശ്യമായ യോഗ്യതയുള്ള അദ്ധ്യാപകർ എന്നിവ ഉറപ്പാക്കിയും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരവും നേടിയതിനുശേഷവുമാണ് സ്വകാര്യ മെഡിക്കൽ കോളേജുകൾ പ്രവർത്തിക്കുന്നത്. ഒരു കോളേജിന് അഫിലിയേഷൻ നൽകുന്നതിന് മുൻപായി അവിടെയുള്ള ഭൗതികസാഹചര്യം അതാത് സ്റ്റാറ്റ്യൂട്ടറി കൗൺസിലിന്റേയും യൂണിവേഴ്സിറ്റിയുടെയും നിയമങ്ങൾ അനുസരിച്ചാണോയെന്ന് യൂണിവേഴ്സിറ്റി തലത്തിൽ വിലയിരുത്തുന്നു. ഇതിനുപുറമെ ഗവൺമെന്റിൽ നിന്നും അതാത് കൗൺസിലിൽ നിന്നും നൽകുന്ന എൻ.ഒ.സി.യുടെ അടിസ്ഥാനത്തിലാണ് അഫിലിയേഷൻ നൽകുന്നത്. ആരോഗ്യ സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിൽ തീരുമാനപ്രകാരം, തുടർ അഫിലിയേഷൻ നൽകുന്നതിനു മുൻപായി നിർബന്ധമായും വിദഗ്ദ്ധ സമിതി ഇൻസ്പെക്ഷൻ നടത്തുകയും ഇൻസ്പെക്ഷൻ റിപ്പോർട്ട് സ്ക്രൂട്ടിനി കമ്മിറ്റിയുടെ പരിശോധനക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ